# വറ്റമത്സ്യകൃഷി എങ്ങനെ

മത്സ്യം

**ഡോ. പി.എ. വികാസ്**
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? വറ്റമത്സ്യങ്ങളുടെ വിത്തുൽപാദനവിദ്യ സിഎംഎഫ്ആർഐ വികസിപ്പിച്ചെടുത്തതായി വാർത്ത കണ്ടു. എവിടെയാണ് ഇവയെ കൃഷി ചെയ്യാനാവുക. കൃഷിരീതി എങ്ങനെ.*

**ഷാജി എസ്.**, ചേറ്റുവ

● സിഎംഎഫ്ആർഐ വിത്തുൽപാദനരീതി വികസിപ്പിച്ചെടുത്തത് ജയന്റ് ട്രെവല്ലി എന്നു ശാസ്ത്രീയ നാമമുള്ള വറ്റമത്സ്യങ്ങളുടേതാണ്. ഇവയെ ഓരുജലം കയറിയിറങ്ങുന്ന കുളങ്ങളിലും കായലുകളിൽ കൂടുകളിലും കൃഷി ചെയ്യാം. ഡിസംബർ, ജനുവരി മാസങ്ങളിൽ കടലിൽ മുട്ടയിട്ട് വിത്തുൽപാദനം നടത്തി കായലിലേക്കു വരുമ്പോൾ ചീനവലകളിൽ കിട്ടുന്ന കുഞ്ഞുങ്ങളെയാണ് മുൻപു കർഷകർ വളർത്തിയെടുത്തിരുന്നത്. അതുകൊണ്ടുതന്നെ കുറച്ചു കുഞ്ഞുങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ. സിഎംഎഫ്ആർഐ വികസിപ്പിച്ചെടുത്ത കൃത്രിമ പ്രജനനരീതിയിൽ



കുഞ്ഞുങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ചു തുടങ്ങിയാൽ ഇവയുടെ കൃഷി വ്യാപകമാക്കാൻ കഴിയും. 8 സെ.മീ. നീളമാണ് ഇവയെ കൂടുകളിൽ നിക്ഷേപിക്കാൻ പറ്റിയ വലുപ്പം. കുഞ്ഞുങ്ങൾക്ക് ചെമ്മീൻ അല്ലെങ്കിൽ മീൻ ചെറിയ കഷണങ്ങളാക്കി ദിവസത്തിൽ 3 നേരം തീറ്റയായി നൽകണം. 100 ഗ്രാം വലുപ്പമായാൽ തീറ്റ രണ്ടു നേരം മതി. ചുരുങ്ങിയത് 8 മാസം വളർത്താവുന്നിടങ്ങളിൽ മാത്രമേ ഇവയെ കൃഷി ചെയ്യാവൂ. ശരിയായി തീറ്റ നൽകി വളർത്തിയാൽ ഇക്കാലത്തിനുള്ളിൽ മീൻ ശരാശരി 600 ഗ്രാം വലുപ്പം ആകും. വർഷം മുഴുവൻ കൃഷി ചെയ്യാവുന്നിടമാണെങ്കിൽ 15 മാസം വളർത്തിയാൽ ശരാശരി ഒന്നരക്കിലോ വരെ തൂക്കം വയക്കും.